# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ .2348

20.06.2012.ൽ മറുപടിയ്ക്ക്

## നേമത്തെ പ്രധാന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ശിവൻകുട്ടി. | ശ്രീ. പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) നേമം നിയോജകമണ്ഡലത്തിൽ സംസ്ഥാന ജലവിഭവ വകുപ്പ് ഇപ്പോൾ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്നു വ്യക്തമാക്കുമോ; | എ) **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണത്തിൻ കീഴിൽ:-** ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നേമം നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ പ്രവർത്തികൾ നടപ്പിലാക്കുന്നതിലേക്കായി **1081.5 ലക്ഷം രൂപ** അനുവദിച്ചിട്ടുണ്ട്.<br><br>**മേജർ ഇറിഗേഷൻ:-** നേമം നിയോജക മണ്ഡലത്തിൽ പദ്ധതി സംരക്ഷണത്തിലും ആർ.ആർ.ആർ.ഓഫ് പോണ്ട്സ് എന്ന പദ്ധതിയിലും പണികൾ നടപ്പിലാക്കി വരുന്നു.<br><br>**കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ :-** തിരുവനന്തപുരം കോർപ്പറേഷനു വേണ്ടി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കികൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ജൻറം പ്രോജക്ട് പ്രകാരം ഏകദേശം മുപ്പത് കോടി രൂപയുടെ ശുദ്ധജല വിതരണ ശൃംഖലയുടെ വിപുലീകരണം, കേടായ വാട്ടർ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ, കേടായ ഗാർഹിക കണക്ഷനുകളുടെ പുനരുദ്ധാരണം എന്നീ പണികൾ നേമം നിയേജകമണ്ഡലത്തിൽ നടന്നു വരുന്നു.<br>തിരുവനന്തപുരം നഗരസഭയുടെ തനത് ഫണ്ട് ഉപയോഗിച്ച് 95 ലക്ഷം അടങ്കൽ തുക വരുന്ന 12.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഒരു ഭൂതല സംഭരണിയും 50,000 ലിറ്റർ ശേഷിയുള്ള ഒരു സംമ്പിന്റെയും നിർമ്മാണ പ്രവർത്തനത്തിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 28/06/2012 ആണ് ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. |

ബി) പ്രസ്തുത പദ്ധതികൾ ഏതൊക്കെ നഗരസഭാ വാർഡുകളിലാണ് നടപ്പിലാക്കുന്നതെന്നും ഓരോ പദ്ധതിയ്ക്കും ചെലവഴിക്കുന്ന തുക എത്ര വീതമാണെന്നും വിശദമാക്കുമോ?

ബി) **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണത്തിൻ കീഴിൽ:-** പ്രവർത്തികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം-1-ൽ ചേർക്കുന്നു.**

**മേജർ ഇറിഗേഷൻ:-** പദ്ധതി സംരക്ഷണത്തിൽ ഉൾപ്പെടുത്തി അമ്പലത്തറ വാർഡിൽ 5.391 ലക്ഷം രൂപയുടേയും ചെങ്കള്ളൂർ വാർഡിൽ 12 ലക്ഷം രൂപയുടേയും ആർ.ആർ.ആർ.ഓഫ് പോണ്ട്സിൽ ഉൾപ്പെടുത്തി ജഗതി വാർഡിൽ 28.9 ലക്ഷം രൂപയുടേയും പാങ്ങോട് വാർഡിൽ 9.725 ലക്ഷം രൂപയുടേയും ചെങ്കള്ളൂർ വാർഡിൽ 6.90 ലക്ഷം രൂപയുടേയും പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ :-** പ്രസ്തുത പദ്ധതികൾ താഴെ പറയുന്ന നഗരസഭാ വാർഡുകളെ ഉൾപ്പെടുത്തി നാല് പാക്കേജുകളിലായി നടപ്പിലാക്കി വരുന്നു.

1) **പാക്കേജ് നം.3 (തിരുമല സോൺ)**
തിരുമല, പൂജപ്പുര, ആറന്നൂർ, കരമന, മുടവൻമുകൾ, തൃക്കണ്ണാപുരം, കാലടി, നെടുങ്കാട് എന്നീ എട്ട് വാർഡുകളിലായി 9 കോടി രൂപയുടെ വിതരണ ശൃംഖലയുടെ വിപുലീകരണ പണികൾ നടന്നു വരുന്നു.

2) **പാക്കേജ് നം.4 (ലോ ലെവൽ സോൺ)**
ആറ്റുകാൽ, കമലേശ്വരം, മണക്കാട്, കുര്യാത്തി, അമ്പലത്തറ, കളിപ്പാൻകുളം, പുത്തൻപള്ളി, പെരുന്താന്നി എന്നീ വാർഡുകളിലായി 2 കോടി രൂപയുടെ വിതരണ ശൃംഖലയുടെ വിപുലീകരണ പണികൾ നടന്നു വരുന്നു.

3) **പാക്കേജ് നം.9 (നേമം സോൺ)**
പൊന്നുമംഗലം, മേലാംകോട്, പാപ്പനംകോട്, എസ്റ്റേറ്റ്, നേമം, എന്നീ അഞ്ച് വാർഡുകളിലായി എട്ട് കോടി രൂപയുടെ വിതരണ ശൃംഖല വിപുലീകരണ പണികൾ നടന്നു വരുന്നു.

4) **പാക്കേജ് നം.10 (തിരുവല്ലം സോൺ)**
വെള്ളാർ, പുഞ്ചക്കരി, തിരുവല്ലം, പൂങ്കുളം, എന്നീ വാർഡുകളിലായി 11 കോടി രൂപയുടെ വിതരണ ശൃംഖല വിപുലീകരണ പണികൾ നടന്നു വരുന്നു. കൂടാതെ കോർപ്പറേഷന്റെ തനതു ഫണ്ടുപയോഗിച്ച് 95 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഒരു ഭൂതല സംഭരണി പൂങ്കുളം വാർഡിലെ കല്ലടിച്ചാം മൂലയിലും 50,000 ലിറ്റർ ശേഷിയുള്ള സംമ്പ് തിരുവല്ലം

വാട്ടർ അതോറിറ്റി സെക്ഷൻ ഓഫീസ് കോമ്പൗണ്ടിലും നിർമ്മിക്കുന്നതിനായുള്ള ടെണ്ടർ ക്ഷണിക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

1) പനത്തുറക്കര തെക്ക് ചെയി.22.347 കി.മീ.-നും 22.767 കി.മീ.-നും ഇടയ്ക്ക് സി.പി. 5936-നും 5940-നും ഇടയ്ക്ക് കടൽ ഭിത്തിയുടെ ബലപ്പെടുത്തൽ പ്രവർത്തികൾ.
13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ഉള്ളത് . 21/07/2011 ജി.ഒ. (ആർ.റ്റി) 702/2011/ജവിവ പ്രകാരം 110 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
2) തിരുവനന്തപുരം ജില്ലയിൽ പനത്തുറക്കരയിൽ ഗ്രോയിൻ-1-ന് വടക്ക് 40 മീ.നീളത്തിൽ കടൽ ഭിത്തി ബലപ്പെടുത്തൽ. 20 ലക്ഷം രൂപയ്ക്കുള്ള സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.(No.W3/26722/2011/FS dated. 05/11/2011 of Chief Engineer, Irrigation & Administration, Thiruvananthapuram).
3) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കനിവാരണ പ്രവർത്തികൾ- ആദ്യ ഘട്ടം- കിള്ളി നദിയുടെ ഇരുകരകളുടെയും സംരക്ഷണവും നദിയിലെ മാലിന്യ നിർമ്മാർജനവും വൃത്തിയാക്കലും. പരച്ചിറ പാലത്തിന്റെ താഴ്ഭാഗത്ത് ചെയി. 500 മീ. മുതൽ 1100 മീ.വരെ - 81 ലക്ഷം രൂപ.
4) പരച്ചിറ പാലത്തിന്റെ താഴ്ഭാഗത്ത് ചെയി. 0 മീ.മുതൽ 480 മീ. വരെ -151 ലക്ഷം രൂപ.
5) മൈലാടി കടവ് പാലം മുതൽ കിള്ളിപ്പാലം വരെ -113 ലക്ഷം
6) കിള്ളിപ്പാലം മുതൽ ആറ്റുകാൽ പാലം വരെ ചെയി. 0 മീ. മുതൽ 945 മീ. വരെ - 115 ലക്ഷം
7) ആറ്റുകാൽപാലം മുതൽ ഐരാണിമുട്ടം പാലം വരെ ചെയി.0 മീ. മുതൽ 945 മീ വരെ -136 ലക്ഷം.
8) ഐരാണിമുട്ടം പാലം - കല്ലടിമുഖം 1065 മീ.- 107 ലക്ഷം.
9) കല്ലടിമുഖം മുതൽ പള്ളത്തുകടവ് വരെ 335 മീ.-68 ലക്ഷം
10) കിള്ളി നദി ഇടതുകര സംരക്ഷണം - പാങ്ങോട് പാലത്തിന് താഴ്ഭാഗം ചെയി. 0.00 മീ. മുതൽ ജഗതി പാലം ചെയി. 1480 വരെ മാലിന്യം നീക്കം ചെയ്യലും വൃത്തിയാക്കലും ശുചീകരണവും - 97 ലക്ഷം.
11) കരമന നദിയുടെ വലതുകരയിൽ സംരക്ഷണ ഭിത്തി നിർമ്മാണം - തളിയിലിന് സമീപം ചിറുപുഴിഞ്ഞി കടവിന് മുകൾഭാഗം - കരമന പാലം മുതൽ തിരുവല്ലം വരെ വൃത്തിയാക്കലും ശുചീകരണവും - 50 ലക്ഷം.
12) കരമന നദിയുടെ വലതുകരയുടെ സംരക്ഷണ ഭിത്തി നിർമ്മാണം- മുടവൻമുകളിൽ മണലുകുളത്തിന് മുകൾഭാഗത്തായി - മങ്കാട്ടുകടവു പാലം മുതൽ കരമന പാലത്തിന്റെ മുകൾഭാഗം വരെ വൃത്തിയാക്കലും മാലിന്യം നീക്കം ചെയ്യലും - 13.5 ലക്ഷം
മേൽപറഞ്ഞ പ്രവർത്തികൾക്ക് ജി.ഒ (ആർ.റ്റി) നം. 117/2012/ജവിവ തീയതി. 23/01/2012 അനുസരിച്ച് തുക അനുവദിച്ചിട്ടുണ്ട്.
13) തിരുവനന്തപുരം ജില്ലയിൽ കരമന നദിക്ക് കുറുകെ മങ്കാട്ടുകടവ് പാലത്തിന് താഴെ അണ്ണൂർ ദേവിക്ഷേത്ര ആറാട്ടുകടവിൽ കുളിക്കടവ് നിർമ്മാണവും അനുബന്ധപണികളും. 12 ലക്ഷം രൂപയുടെ സാമ്പത്തി കാനുമതി നൽകിയിട്ടുണ്ട്.

(No.W3/32993/2011/FS dated. 24/01/2012 of Chief Engineer, Irrigation & Administration, Thiruvananthapuram).

14) കരമന നദി ഇടതുകര- പാപ്പനംകോട് ബസ്സ്റ്റാന്റിന് സമീപം പാറയിൽകടവ് ഇരുമ്പു പാലത്തിന് താഴെ സംരക്ഷണഭിത്തി നിർമ്മാണം- (സാമ്പത്തികാനുമതി നമ്പർ ( No. W3/16740/2011/FS dated. 17/01/2012 of Chief Engineer, Irrigation & Administration, Thiruvananthapuram).
തുക- 8 ലക്ഷം